(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-6/1008/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തീയതി:16.12.2019
E-Mail: doidk.ksad@kerala.gov.in
PH:04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- **വട്ടവട ഗ്രാമപഞ്ചായത്ത് 2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1,ഭാഗം 3** എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

കെ.എസ്.എ-ഐ.ഡി.കെ.06/1008/2019 തീയതി:16.12.2019

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.12.2018 മുതൽ 20.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി ബേബി സന്തോജ, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	21.10.2019 മുതൽ 26.10.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. റ്റി. എസ്. ധനജയൻ	ഓഡിറ്റ് ഓഫീസർ
	ശ്രീ. വി.ജി. സജിമോൻ	ഓഡിറ്റ് ഓഫീസർ
	ശ്രീ ജോസഫ് ചാക്കോ	അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ എം.കെ അഭിലാഷ്	അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ എബി എബ്രഹാം	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ ജി. സുനിൽകുമാർ	സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ പി.രാമരാജ്	01.04.2018 മുതൽ 31.03.2019 വരെ

സെക്രട്ടറി	ശ്രീ. ആർ നന്ദകുമാർ	01.04.2018 മുതൽ 24.03.2019വരെ
	ശ്രീ. എസ്.അജിത് കുമാർ **(അസി.സെക്രട്ടറി അധിക ചുമതല)**	25.03.2019 മുതൽ 31.03.2019വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപേര്	**പേര്**	**കാലയളവ്**
അസി.എഞ്ചിനിയർ	ശ്രീ സന്നി എം.നായർ	01.04.2018 മുതൽ 20.06.2018 വരെ
	ശ്രീ രാഹുൽ മോഹൻ	21.06.2018 മുതൽ 19.08.2018 വരെ
	ശ്രീ റ്റി.വി ഏലിയാസ്	20.08.2018 മുതൽ 31.03.2019 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി കെ.പി ഷീനത്ത്	01.04.2018 മുതൽ 13.07.2018 വരെ
	ശ്രീമതി ആൻസി മറിയം പോൾ	14.07.2018 മുതൽ 24.07.2018 വരെ
	ശ്രീമതി എം.ബീന	25.07.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ (ആരോഗ്യം)	ഡോ സി. രാഹുൽ ബാബു	01.04.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ രാജഹംസ് ശശി	01.04.2018 മുതൽ 05.02.2019 വരെ
	ഡോ. ജിത്തു സി സോമൻ	06.02.2019 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ. പി.അനീഷ്	01.04.2018 മുതൽ 03.10.2018 വരെ
	ഡോ. വി.പി വിഷ്ണു	04.10.2018 മുതൽ 31.03.2019 വരെ
വെറ്ററിനറി സർജൻ	ഡോ. മുത്തുസാമി	01.04.2018 മുതൽ 02.12.2018 വരെ
	ഡോ.നീതു ജോർജ്ജ്	03.12.2018 മുതൽ 31.03.2019 വരെ
ഗ്രാമസേവകൻ	ശ്രീ കെ.സുജിത് മോൻ	01.04.2018 മുതൽ 01.03.2019 വരെ
	ശ്രീ. കെ.വി രാജേഷ് കുമാർ	02.03.2019 മുതൽ 31.03.2019 വരെ

ഉള്ളടക്കം

	ഖണ്ഡിക	വിഷയം
1	1-1	ബജറ്റ്
2	1-2	വാർഷിക ധനകാര്യപത്രിക
3	1-3	സാമ്പത്തിക വിശകലനം
4	1-4	ഫണ്ട് വിനിയോഗം
5	1-5	പദ്ധതി അവലോകനം
6	1-6	തൊഴിലുറപ്പ് പദ്ധതി
7	1-7	ക്ഷേമ പദ്ധതികൾ
8	1-8	ക്യാഷ് പരിശോധന
9	1-9	ആഭ്യന്തരനിയന്ത്രണം
10	1-10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
11	1-11	വാർഷിക കണക്കിലെ അപാകതകൾ
12	1-12	ബാങ്ക് അക്കൗണ്ട് - റിക്കൺസിലേഷൻ അവലോകനം
13	1-13	മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത്
14	1-14	വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു
15	1-15	ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ
16	1-16	വട്ടവട ഗവ എൽ.പി.സ്കൂളിലെ കുട്ടികൾക്ക് ശൈത്യകാല വർഷകാല സംരക്ഷണ ഉപാധികൾ
17	1-17	വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പര്യാപ്തമായ നടപടികളില്ല
18	1-18	വട്ടവട മാതൃകാ ഗ്രാമം
19	1-19	വിവിധ കുടിവെള്ള പദ്ധതികൾക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ- നടപ്പാക്കാത്ത പ്രവൃത്തിക്ക് തുക നൽകി
20	1-20	തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
21	1-21	ഓണം അഡ്വാൻസ് ക്രമീകരിക്കാത്തത്
22	1-22	എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

23	1-23	ലൈഫ് ഭവന പദ്ധതി - അവലോകനം
24	1-24	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
25	1-25	ആശ്രയ പദ്ധതി - തുക ചെലവഴിക്കാത്തത്
26	1-26	ഗവ.എൽ.പി സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ
27	1-27	രേഖകൾ ഹാജരാക്കിയില്ല
28	3-1	വിവിധ കുടിവെള്ള പദ്ധതികൾക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ-നടപ്പാക്കാത്ത പ്രവൃത്തിക്ക് തുക നൽകി
29	4-1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം
30	4-2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം
31	4-3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
32	4-4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
33	4-5	വായ്പ / വായ്പാതിരിച്ചടവ്
34	4-6	സ്ഥിര നിക്ഷേപം
35	4-7	ഓഡിറ്റ് റിക്കവറി
36	4-8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
37	4-9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം
38	4-10	ഓഡിറ്റ് പ്രത്യവലോകനം
39	4-11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
40	അനുബന്ധം-1	ഓഡിറ്റ് സാക്ഷ്യപത്രം

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

ജനറൽ കമ്മിറ്റിയുടെ 31-03-2018ലെ 1(1)തീരുമാനപ്രകാരം തൻവർഷത്തെ ബജറ്റ് അംഗീകരിച്ചു . പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ചിട്ടില്ല.

		ബജറ്റ് പ്രകാരം	വാർഷിക കണക്കുകൾ പ്രകാരം	വ്യത്യാസം
മുന്നിരിപ്പ്	₹	-1039298	7674457	-8713755

വരവ്	₹	197803000	91340683	106462317
ആകെ	₹	196763702	99015140	97748562
ചെലവ്	₹	196168800	69354305	126814495
നീക്കിയിരിപ്പ്	₹	594902	29660835	-29065933

യഥാർത്ഥ വരവ്-ചെലവുമായി വളരെയധികം അന്തരമുണ്ടെങ്കിലും പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-07-2019	01-06-2019	-	-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹	7674457
വരവ്	₹	91340683
ആകെ	₹	99015140
ചെലവ്	₹	69354305
നീക്കിയിരിപ്പ്	₹	29660835

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട്- (ACR പ്രകാരം)	പൊതു വിഭാഗം		13296000	13296000	13291599	4401

	എസ്.സി.പി		2298000	2298000	2170770	127230
	ടി.എസ്.പി		3514000	3514000	3511080	2920
മെയിന്റനൻസ്, (ACR പ്രകാരം)	റോഡ്		1077000	1077000	973694	103306
	റോഡിതരം		2780000	2780000	2520151	259849
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം)			6172000	6172000	5307255	864745
തൊഴിലുറപ്പ് പദ്ധതി	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	104196	1119504	1223700	1212404	11296
	തൊഴിലാളികളുടെ കൂലി		46069762	46069762	46069762	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ	ഐ.സി.ഡി.എസ്	800934	265575	1066509	535514	530995
	പശ്ചിമ ഘട്ട വികസനം	462164	22811	484975	0	484975
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ	ശുചിത്വ മിഷൻ	26650	1542296	1568946	0	1568946
	ജലനിധി	4411854	10680748	15092602	13212426	1880176
	കേരളോത്സവം		20000	20000	0	20000

	വിമുക്തി		25000	25000	25000	0
	ലൈഫ് മിഷൻ	1141861		1141861	1141861	0
	പ്രളയ ദുരിതാശ്വാസ ഗ്രാന്റ്		325000	325000	325000	0
	മറ്റിനം	3115400		3115400	3115400	0
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്		8659024	8659024	5197800	3461224
പ്രത്യേക ധനസഹായം	എസ്.സി. ഭവന നിർമ്മാണം		32400000	32400000	0	32400000
പ്രളയ ദുരിതാശ്വാസം സംഭാവന			219220	219220	219220	
പഞ്ചായത്ത് ദുരിതാശ്വസ നിധി			13280	13280	5280	8000
ജനറൽ പർപസ് ഗ്രാന്റ്		0	2762329	2762329	2762329	0
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	(-)197583	3626079	3428496	7024073	(-)3595577
	വസ്തു നികുതി ഓൺലൈൻ (എസ്.ബി.ഐ)	8761	68330	77091	0	77091
	ട്രഷറി അക്കൗണ്ട്	1766688	11596928	13363616	22791456	-9427840

	പ്ലാൻ	0	3748301	3947960	1792956	2155004
	പണം	85705	82313	168018	85705	82313
മറ്റിനം - നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ	യൂണിയൻ ബാങ്ക്	1429	229	1658	0	1658
	യൂണിയൻ ബാങ്ക് 1381	1564	56	1620	0	1620
	യൂണിയൻ ബാങ്ക് 21294 എസ്.ജി.എസ്. ആർ.വൈ	1492		1492	1492	0
	എസ്.സി.ബി (02)	399		399	20	379
	എസ്.സി.ബി (234)	107		107	0	107
	ഐ.ഡി.സി.ബി (1206)	468	0	468	0	468

1) മുൻ വർഷ റിപ്പോർട്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ₹18,04,762/-യും ലൈഫ് മിഷൻ പദ്ധതിയിൽ കാണിച്ചിരിക്കുന്ന തുക ₹1141861/-യും നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡിൽ തുക ഇല്ലാത്തതിനാൽ ട്രഷറി അക്കൗണ്ടിൽ മുന്നിരിപ്പിൽ എടുത്തിരിക്കുന്നു.

2) മുൻവർഷ റിപ്പോർട്ടിൽ സംസ്ഥാനാവിഷ്കൃത ഫണ്ട്/മറ്റ് ഫണ്ട് ഇനത്തിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുക ₹3115400/-യും തനത് ഫണ്ടിൽ (ബാങ്ക്) ഉൾപ്പെടുത്തിയിരിക്കുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം ജില്ലാ ആസൂത്രണ സമിതിയുടെ 01.03.2019 ലെ 370/18/ ഡി.പി.സി/ഡി.പി.ഒ/ ഐ.ഡി.കെ പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

120	45906896	100	32922349	0	20	83.33

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	104196	1119504	1223700	1212404	11296
തൊഴിലാളികളുടെ കൂലി	0	46069762	46069762	46069762	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
വിധവാപെൻഷൻ	1453000	161
വാർദ്ധക്യകാലപെൻഷൻ	3125700	343
വികലാംഗപെൻഷൻ	422500	40

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **₹1,792/-(ആയിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട്.രൂപ മാത്രം)** യുടെ നീക്കിയിരിപ്പ് കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1.ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

2.സകർമ്മ സോഫ്റ്റ് വെയറിൽ പ്രസിഡണ്ടിന് പ്രിവിലേജ് നൽകിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ല.

3.സഞ്ചയസോഫ്റ്റ് വെയറിൽ വസ്തുനികുതി ഇനത്തിലുള്ള പഞ്ചായത്തിന്റെ യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസുകൾ പ്രതിഫലിക്കുന്നില്ല.

4.ലൈഫ് പദ്ധതിക്ക് വേണ്ടി വായ്പ ലഭിച്ചിട്ടുണ്ടെങ്കിലും, വായ്പ രജിസ്റ്ററിൽ വായ്പയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജനം നിർണ്ണയിച്ച് ഉത്തരവ് പുറപ്പടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം ജോലി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന നിരീക്ഷണം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാവുന്നില്ല.

6. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 12 തവണയാണ് തൻവർഷം സമ്മേളിച്ചത്. മൻമാസങ്ങളിലെ ചെലവു വൌച്ചർ പാസ്സാക്കൽ, നികുതി പിരിവ് പുരോഗതി വിലയിരുത്തൽ, ബജറ്റ് തുടങ്ങിയ വിഷയങ്ങളിൽ മാത്രമാണ് ചർച്ചകൾ നടന്നിട്ടുള്ളത്. വസ്തുനികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതായി രേഖയില്ല.
7. ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടിംഗ് കാര്യ ക്ഷമമായി നടക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ പരാമർശിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-11 ശ്രദ്ധിക്കുക.

എ).സംയുക്ത പദ്ധതികൾക്കുള്ള ധനസഹായം നിക്ഷേപിക്കുന്നതിന് ദേവികുളം സബ് ട്രഷറിയിൽ 799012700000964 നമ്പരായി അക്കൌണ്ട് ഉണ്ടെങ്കിലും ധനവിനിമയം ഈ അക്കൌണ്ടിൽ കൂടി നടത്തുന്നില്ല.

ബി) പ്രത്യേക ആവശ്യങ്ങൾക്കായി ട്രഷറിയിൽ ഉണ്ടാകേണ്ട തുക ₹3,75,34,080/-(ഷെഡ്യൂൾ -ബി4) ആയിരിക്കെ ₹2,49,07,993/-(ഷെഡ്യൂൾ - ആർ.പി-40ബി)മാത്രമാണ് ഭൌതികമായി ഉള്ളത്.
സി) തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, ഗ്രണഭോക്തൃ വിഹിതം എന്നിവയുടെ യഥാർത്ഥ ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അലോട്ട്മെന്റിന് ഓൺലൈൻ റിക്വസ്റ്റ് നൽകുകയും ഗ്രാമപഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകുകയും ചെയ്യുന്നു. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺലൈൻ മുഖേന ഗ്രാമപഞ്ചായത്തിന് ബിൽ സമർപ്പിക്കുകയും അക്കൌണ്ട് സെക്ഷനിൽ നിന്ന് വൌച്ചർ നമ്പർ നൽകി ബിൽ അപ്രൂവ് ചെയ്യാത്തതിനാലാണ് മേൽ പറഞ്ഞ അപാകത സംഭവിച്ചിരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.
8. പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾ നടപ്പാക്കേണ്ട അസി.സെക്രട്ടറിക്ക് തൻവർഷം പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19-10-2019	ജൂലൈ 2019	റിപ്പോർട്ട് ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.11.2016 മുതൽ 08.11.2016 വരെ	2011-12മുതൽ 2015-16 വരെ	29.11.2016

1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.
2. വസ്തുനികുതി ഡി.സി.ബി. കണക്കുകൾ - സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയവ പൊരുത്തപ്പെടുന്നില്ല.
3. ജീവനക്കാരുടെ തൊഴിൽനികുതി, ഡി. ആന്റ്. ഒ. ട്രേഡ് ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി. നിർണയിച്ചിട്ടില്ല.
4. നിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വർഷാവസാനം ക്ലോസ് ചെയ്ത് ഇനം തിരിച്ചുള്ള ബാധ്യത നിർണയിച്ചിട്ടില്ല.
5. മൻകൂർ രജിസ്റ്ററിൽ വർഷാവസാനം ക്രമീകരിക്കാൻ ശേഷിക്കുന്ന തുകയെത്രയെന്ന് നിർണയിച്ചിട്ടില്ല. ബി-18ൽ പരാമർശിക്കുന്ന എല്ലാ ഇനങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.
6. ബാലൻസ് ഷീറ്റിലെ ബി-4 പത്രികയിൽ ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് പര്യാപ്തമായ തുക ബി-17/ആർ.പി.40(ബി) പത്രികയിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

ബി-4 പത്രികയുടെ ആകെ തുക	₹41469166
ബി-17/ആർ.പി.40(ബി) പ്രകാരമുള്ള നീക്കിയിരിപ്പ്	₹29660835

7. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് (ക്യാഷ്ബുക്ക്/പാസ്ബുക്ക്) കൃത്യമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

എ.എഫ്.എസ്. തുക	₹24907993
പാസ്ബുക്ക് തുക	₹26485565

8. നിർജ്ജീവമായ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകൾ ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് നിർദ്ദേശമനുസരിച്ച് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല). ആകയാൽ പലിശയടക്കമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ല.

9. സർക്കാർ ഗ്രാന്റുകളുടെ വരവ്/ചെലവ് തുകകൾ എ.സി.ആർ.-ഉം ധനകാര്യ പത്രികയിലെ ആർ.പി-7നുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ട്	എ.സി.ആർ. പ്രകാരം ₹	എ.എഫ്.എസ്. പ്രകാരം ₹
വികസന ഫണ്ട് (ജനറൽ)	13291599	12383191

(റ്റി.എസ്.പി.)	3511080	3281187
(സി.എഫ്.സി.)	5307255	5013407
എം. ജി. (ആർ)	973694	731104
എം.ജി. (എൻ. ആർ.)	2520151	2420158

10. എം.ജി.എൻ.ആർ.ഇ.ജി.എസ്. വരവ്-ചെലവ് കണക്കുകൾ - പഞ്ചായത്ത് രേഖകളും ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

എ) 100 ദിനങ്ങൾ തൊഴിൽ ചെയ്തവർക്കുള്ള ആനുകൂല്യമായി ലഭിച്ച (13.09.2018ൽ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത്) ₹4,06,000/-യുടെ വരവ്-ചെലവുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ബി) പഞ്ചായത്ത് രേഖകൾ പ്രകാരം ഭരണ ചെലവുകൾ/വേതന ചെലവുകൾ ₹4,47,19,928/-യാണെങ്കിലും എ.എഫ്.എസ്. പ്രകാരം ആയത് ₹4,60,69,762/-/യും(ഐ-6) ₹4,61,15,753/-യുമാണ് (ഐ-14(എ).

11. ഹഡ്കോ വായ്പാ ഇനത്തിൽ ₹38,03,665/- വരവ് ഉള്ളതായി പാസ്സ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ വാർഷിക ധനവിവര പത്രികയിൽ പ്രസ്തുത വരവ് ₹36,60,000/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

12. ഹഡ്കോ വായ്പാ ഇനത്തിൽ ₹1,43,665/- നീക്കിയിരിപ്പ് ഉള്ളതായി എസ്.ബി.ഐ യിലെ 38069738899 അക്കൗണ്ട് പ്രകാരം കാണുന്നു. എന്നാൽ ഈ വിവരം ധനവിവര പത്രികയിലെ ആർ.പി. -40(ബി) യിൽ രേഖപ്പെടുത്തിയിട്ടില്ല.

13.ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.03.2019 ലെ 07/2019 നം ഉത്തരവ് പ്രകാരം ലൈഫ് (റ്റി.എസ്.പി) പദ്ധതിയിനത്തിൽ അനുവദിച്ച തുക ₹15,00,000/- 22.03.2019 ൽ ട്രഷറി യിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക ധനവിവര പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. സ്റ്റോക്ക് ഇൻ ഹാൻഡ് ഇനത്തിൽ ₹43,294/- ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൊട്ടക്കാമ്പൂരിലേയ്ക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്കും പൈപ്പുകൾ വാങ്ങിയതാണ്. പദ്ധതി തീർന്നെങ്കിലും ഈ തുക ചെലവിലേയക്ക് മാറ്റിയിട്ടില്ല.

15. ഓണം അഡ്വാൻസ് ഇനത്തിൽ ₹9,000/- ജീവനക്കാരിൽ നിന്നും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ ഈ തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

16. ലൈഫ് പദ്ധതി ഇനത്തിൽ ₹7,09,024/- ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ തുക 320700204-Contribution for Joint Venture projects from Block Panchayats എന്ന ഹെഡിൽ ആണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

17. കേരളോത്സവം പദ്ധതിക്ക് ലഭിച്ച തുക ₹20000/- തൻവർഷം ചെലവ് വന്നിട്ടില്ല. എന്നാൽ ബി4 ഷെഡ്യൂളിൽ പ്രതിഫലിപ്പിച്ചിട്ടില്ല.

18. ബി17 ഷെഡ്യൂൾ പ്രകാരം എൻ.ആർ.ഇ.ജി.എ. ഇനത്തിൽ ₹11296/-, പഞ്ചായത്ത് ദുരിതാശ്വാസനിധി ₹8000/- എന്നിങ്ങനെയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. ഇത് യഥാക്രമം ബി4ൽ ₹938/-, ബി2 പ്രകാരം

₹8280/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

19. എസ്.സി.ഭവന നിർമ്മാണം പദ്ധതിയിൽ ലഭിച്ച ₹32400000/-യിൽ ₹100,00,000/- ചെലവ് ഉണ്ടെങ്കിലും ബി4ൽ നീക്കിയിരിപ്പ് തുകയായി ₹32400000/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-12 ബാങ്ക് അക്കൗണ്ട് - റിക്കൺസിലേഷൻ അവലോകനം

താഴെ പരാമർശിക്കുന്ന അക്കൗണ്ടുകളിൽ നിന്നും നൽകിയ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ 30.06.2019 വരെയും പണമായി മാറിയിട്ടില്ല എന്ന് കാണുന്നു.

I. തനത് ഫണ്ട്.

ബാങ്ക്	ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്- വട്ടവട ശാഖ		
അക്കൗണ്ട് നം	120401201200002		
ക്രമനം	**ഇൻസ്ട്രുമെന്റ് നം**	**തീയതി**	**തുക ₹**
1	386125	04-02-2019	9750
2	386125	04-02-2019	18600
3	27576	04-02-2019	13200
4	386130	04-02-2019	7104
5	386130	04-02-2019	11442
6	386139	04-02-2019	10874
7	386026	04-02-2019	3700
8	386040	04-02-2019	18900

II. പ്ലാൻ അക്കൗണ്ട്

ബാങ്ക്	ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്- വട്ടവട ശാഖ		
അക്കൗണ്ട് നം	120401201200003		
ക്രമനം	**ഇൻസ്ട്രുമെന്റ് നം**	**തീയതി**	**തുക ₹**
1	386046	01-02-2019	18200
2	286194	01-02-2019	36666

പണമായി മാറ്റാത്ത ചെക്കുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

III. പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വസ്തു നികുതി ഓൺലൈനായി അടവാക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 37519293370 നമ്പരായുള്ള പാസ്സ് ബുക്ക്

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

IV. പശ്ചിമ ഘട്ട വികസനം പദ്ധതി

പശ്ചിമ ഘട്ട വികസന പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം ₹4,00,000/- ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്- വട്ടവട ശാഖയിലെ അക്കൗണ്ട് നം:120401200420309 ൽ വരവ് വന്നിട്ടുണ്ട്. നാളിതുവരെ ഈ പദ്ധതിക്ക് യാതൊരു തുകയും ചെലവ് വന്നിട്ടില്ല. 31-03-2019 ൽ പലിശ സഹിതം ഈ അക്കൗണ്ടിൽ ₹4,84,975/- നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. പദ്ധതി നിലവിൽ ഇല്ലെങ്കിൽ തുക തിരിച്ചടച്ച് അക്കൗണ്ട് നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

V.നിഷ്ക്രിയ അക്കൗണ്ടുകൾ

യാതൊരു വിധ ക്രയവിക്രയങ്ങളില്ലാതെ താഴെ പരാമർശിക്കുന്ന അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്നതായി കാണുന്നു.

ക്രമനം	ബാങ്ക്	അക്കൗണ്ട് കോഡ് നമ്പർ	31.03.2019 ലെ അവശേഷിപ്പ് തുക ₹
1	യൂണിയൻ ബാങ്ക്	13257	1658
2	യൂണിയൻ ബാങ്ക്	13817	1620
3	യൂണിയൻ ബാങ്ക്	21294	0
4	എസ്.സി.ബി	02	379
5	എസ്.സി.ബി	234	107
6	ഐ.ഡി.സി.ബി	206	468

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

VI. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- രണ്ട് അക്കൗണ്ട് ബുക്ക്

മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന് യൂണിയൻ ബാങ്കിലും ഇടുക്കി ജില്ലാ സഹകരണ ബാങ്കിലുമായി രണ്ട് അക്കൗണ്ടുകൾ ഉള്ളതായും ഇതിൽ യഥാക്രമം ₹938/-, ₹10358/- നീക്കിയിരിപ്പും ഉള്ളതായി കാണുന്നു. ഒരു അക്കൗണ്ട് ക്ലോസ് ചെയ്ത് ഒരു അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്.

VII. പ്ലാൻ ഫണ്ട് അക്കൗണ്ട്

ഇടുക്കി ജില്ലാ സഹകരണ ബാങ്കിലെ പ്ലാൻ അക്കൗണ്ടിൽ ₹2155004/- നീക്കിയിരിപ്പുള്ളതായി കാണുന്നു. അക്കൗണ്ട് പരിശോധിച്ച് സർക്കാരിലേയ്ക്ക് അടവാക്കുകയോ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുകയോ ചെയ്യേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത്

പഞ്ചായത്തിൽ രണ്ടു മൊബൈൽ ടവറുകളാണുള്ളത്.മുൻ വർഷ റിപ്പോർട്ടിൽ മേൽപ്പറഞ്ഞ രണ്ടു ടവറുകളുടെയും വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്നു പരാമർശിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മൊബൈൽ ദാതാവ്	വാർഡ് / കെട്ടിട നം.	നികുതി കുടിശ്ശിക.(അർദ്ധ വർഷങ്ങൾ)	കുടിശ്ശിക തുക
1	ബി.എസ്.എൻ.എൽ	V/190	2018-19 / I & II	25210 x 2= 50420
2	ബി.എസ്.എൻ.എൽ	XI/241	2018-19 / I & II	7654 x 2 = 15308

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ്, 15-ാം ഉപ വകുപ്പ് പ്രകാരം " ഒരു കെട്ടിടത്തിനു നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തു നികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. ഏതൊരു അർദ്ധ വർഷത്തേക്കുമുള്ള ഗഡു അർദ്ധ വർഷത്തിന്റെ അവസാന ദിവസമോ അതിനു മുമ്പോ നല്കേണ്ടതും ആ തീയതിക്കകം നികുതി നൽകാതിരുന്നാൽ 209 ഇ വകുപ്പ് പ്രകാരം അതു നൽകേണ്ട തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ ഈടാക്കേണ്ടതുമാണ്". മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം നടത്തി കുടിശിക ഉൾപ്പെടെയുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ജയ സോഫ്റ്റ് വെയർ, ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കുള്ള പല കെട്ടിടങ്ങൾക്കും ഗാർഹിക കെട്ടിടങ്ങളുടെ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	വാർഡ്	കെട്ടിട നം.	ഉപയോഗം
1	എൻ.വേൽരാജ്	4	117	പലചരക്ക് വ്യാപാരം
2	അളകേശൻ	8	255	മൊബൈൽ ഷോപ്പ്
3	വേലായുധൻ	4	51	പലചരക്ക് വ്യാപാരം
4	രഘുനാഥൻ	7	29	വളം, കീടനാശിനി വ്യാപാരം
5	പി.മീനാക്ഷി	7	12 & 13	പലചരക്ക് വ്യാപാരം
6	മുത്തുമണി	7	17	വസ്ത്ര വ്യാപാരം
7	ശെൽവരാജ്	7	210	വസ്ത്ര വ്യാപാരം
8	ജി.അയ്യപ്പൻ	7	12	പച്ചക്കറി വ്യാപാരം
9	ബോസ്	2	79	പലചരക്ക് വ്യാപാരം
10	വരദരാജ്	8	264	പലചരക്ക് വ്യാപാരം

11	മാരിമുത്തു	7	218	സിമന്റ് വ്യാപാരം
12	തങ്കരാജ്	7	33	പലചരക്ക് വ്യാപാരം
13	പി. കെ. രാമലിംഗം	2	24	പലചരക്ക് വ്യാപാരം
14	പരമശിവം	10	38	പലചരക്ക് വ്യാപാരം

ക്രമ നമ്പർ 12, 13, 14 ലെ 3 സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണയത്തിലെ അപാകത സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും വസ്തുനികുതി പരിഷ്കരിക്കാത്തതിനാൽ അപാകത അതേപടി നിലനിൽക്കുന്നു. വസ്തുനികുതി പുനർ നിർണ്ണയിച്ച് അപാകത പരിഹരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-15 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

(i)ഡി & ഒ ഫീസ് പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയില്ല

ജി.ഒ.(പി) 80/2017/ത.സ്വഭ.വ തീയതി.31.10.2017 ലെ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ഡി & ഒ ഫീസ് നിർണ്ണയിക്കേണ്ടതാണ്. ടി ഉത്തരവ് പ്രകാരം മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി 500/- രൂപ ഡി & ഒ ഫീസ് ഈടാക്കേണ്ടതാണ്. 79 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ ഇതിൽ 49 സ്ഥാപനങ്ങളിൽ നിന്ന് 300/- രൂപ വീതവും 4 സ്ഥാപനങ്ങളിൽ നിന്ന് 200/- രൂപ വീതവും മാത്രമാണ് ഡി & ഒ ഫീസ് ഈടാക്കിയിട്ടുള്ളത്. മതിയായ ലൈസൻസ് ഫീസ് ഈടാക്കാതിരുന്നതിനാൽ പഞ്ചായത്തിന് തൻവർഷം വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. തനത് വരുമാനം വളരെക്കുറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ വരുമാനം ഇപ്രകാരം നഷ്ടപ്പെടുന്നത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ii)രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

ട്രേഡേഴ്സ് ലിസ്റ്റിൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർക്കുന്നുണ്ടെങ്കിലും പൂർണ്ണ വിവരങ്ങൾ ചേർക്കുന്നില്ല. തയ്യാറാക്കിയിട്ടുള്ള രജിസ്റ്ററിൽ കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ പേര് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർത്തിട്ടില്ല. സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ പലതിലും അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വട്ടവട ഗവ എൽ.പി.സ്കൂളിലെ കുട്ടികൾക്ക് ശൈത്യകാല വർഷകാല സംരക്ഷണ ഉപാധികൾ

ഗവ.എൽ.പി.സ്കൂളുകളിലെ കുട്ടികൾക്ക് ശൈത്യകാല-വർഷകാല സംരക്ഷണ ഉപാധികൾ നൽകുന്നതിനായി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നീ വിഭാഗങ്ങളിലായി 3 പദ്ധതികൾ നടപ്പാക്കിയെങ്കിലും എസ്.സി.പി പദ്ധതിയുടെ ചെലവ് മാത്രമാണ് തൻവർഷമുള്ളത്. ബാഗ്, കുട, മഴക്കോട്ട്, ഷൂ എന്നീ ഇനങ്ങളടങ്ങുന്ന ഓരോ സെറ്റുകൾ വീതം എൽ.പി, യു.പി വിഭാഗങ്ങളിലെ കുട്ടികൾക്ക് വിതരണം ചെയ്യാനുള്ളതാണ് പദ്ധതി. 2019-20 വർഷമാണ് ജനറൽ, ടി.എസ്.പി.വിഭാഗത്തിലെ ബില്ലുകൾ മാറി നൽകിയിട്ടുണ്ട്.

ഓരോ പദ്ധതിയിലും വാങ്ങിയ സംരക്ഷണ ഉപാധി സെറ്റുകളുടെ എണ്ണവും വിലയും വിതരണ സ്ഥാപനവും താഴെ ചേർക്കുന്നു.

വിഭാഗം	എണ്ണം	വിതരണം ചെയ്ത സ്ഥാപനം ഇൻവോയ്സ് നം. തുക	ടെണ്ടർ പ്രകാരം ഒരു സെറ്റിന്റെ വില	ബിൽ നം തീയതി,തുക
ജനറൽ	100	ഒലീവിയ ഹോംവേൾഡ്.ഇരുമ്പ്പാലം 11/20.03.2019 ₹19000/-	₹1900	-
എസ്.സി..പി	40	കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്. തൊടുപുഴ 1075/15.02.19 ₹76884/-	₹1925	74/25.03.2019 ₹76884
ടി.എസ്.പി	40	കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്. തൊടുപുഴ 1074/15.02.19 ₹76884/-	₹1925	-

മൂന്ന് പദ്ധതികളിലുമായി ആകെ 180 സെറ്റ് സംരക്ഷണ ഉപാധികൾ വാങ്ങിയിരിക്കുന്നു.

പദ്ധതികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം.

സ.ഉ (കൈ.)നം 22/2018/തസ്വഭവ തീ.14.02.2018-ലെ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ സബ്സിഡി നൽകാൻ പാടില്ല എന്ന് പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നവയാണ് മുകളിൽ പറഞ്ഞിരിക്കുന്ന ഇനങ്ങൾ. എന്നാൽ ഇതിനുവിരുദ്ധമായി 100% സബ്സിഡി നിരക്കിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നു.

2.ആവശ്യകതാനിർണ്ണയം നടത്താതെ വാങ്ങൽ നടത്തിയിരിക്കുന്നു.

വട്ടവട ഗവ.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ തീയതി വയ്ക്കാതെ ലഭ്യമാക്കിയിരിക്കുന്ന രേഖകൾ പ്രകാരം വിവിധ വിഭാഗങ്ങളിലെ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ആകെ സെറ്റുകൾ 115 എണ്ണം മാത്രമാണ്

വിഭാഗം തിരിച്ചുള്ള ആവശ്യകത താഴെ ചേർക്കുന്നു.

വിഭാഗം	എണ്ണം

ജനറൽ	60
എസ് സി പി	48
ടി എസ് പി	7
	115

അതുപോലെ പഴത്തോട്ടം ഗവ എൽ .പി എസ് ഹെഡ് മാസ്റ്റർ 26.03.2019 ൽ സെക്രട്ടറിക്ക് നൽകിയ കത്ത് പ്രകാരം 14 സെറ്റ് സംരക്ഷണ ഉപാധികളാണ് ആവശ്യം. വിഭാഗം, ആവശ്യമായ ഇനങ്ങളുടെ സൈസ് എന്നിവ പ്രത്യേകം പ്രതിപാദിച്ചിട്ടില്ല. മാത്രമല്ല സാധനം വാങ്ങിയതിന് ശേഷം മാത്രമാണ് പ്രസ്തുത സ്കൂൾ ആവശ്യമുള്ള സംരക്ഷണ ഉപാധികളുടെ എണ്ണം പോലും അറിയിച്ചിരിക്കുന്നത്.

3.ആവശ്യത്തിൽ അധികമായി വാങ്ങിയിരിക്കുന്നു.

സ്കൂളുകളുടെ ആവശ്യപ്രകാരം ആകെ 129 സെറ്റ് സംരക്ഷണ ഉപാധികൾ മാത്രമാണ് ആവശ്യമായിരുന്നത് എന്നാൽ മൂന്ന് പ്രോജക്യുകളിലുമായി ആകെ180 സെറ്റ് വാങ്ങിയിരിക്കുന്നു. ആവശ്യമായിരുന്നതിലും അധികം സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

4.ഒരേ സാധനങ്ങൾ വ്യത്യസ്ത വിലയ്ക്ക് വാങ്ങൽ നടത്തിയിരിക്കുന്നു.

ഈ മൂന്ന് പദ്ധതികൾക്കുമുള്ള ടെണ്ടറുകൾ 28.06.2018 ലെ എ. 2471/18നമ്പർ നോട്ടീസ് പ്രകാരമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. ബാഗ്, കുട,മഴക്കോട്ട്,ഷൂ എന്നീ ഇനങ്ങളടങ്ങുന്ന ഒരു സെറ്റ് ഒലീവിയ ഹോംവേൾഡ് ഇരുമ്പ്പാലം സെറ്റിന്₹1900/- നിരക്കിൽ ക്വോട്ട് ചെയ്ത് 100സെറ്റ് വിതരണം നടത്തിയിരിക്കുന്നു. എന്നാൽ ഇതേ സാധനങ്ങൾ തന്നെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്. തൊടുപുഴ ₹1925/- നിരക്ക് ക്വോട്ട് ചെയ്ത് ₹1922.5നിരക്കിൽ വിതരണം നടത്തിയിരിക്കുന്നു.

5 . വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തല്ല വിതരണം നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.5/24.10.2019 ന് ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും പരിഗണിച്ചിരിക്കുന്നു. ഡി.പി.സി. അംഗീകാരം ലഭിച്ചതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉള്ളതിനാലുമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത് എന്ന് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയതിനാലും മറ്റ് അപാകതകൾ തുടരുന്നതിനാലും തൻവർഷം ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച ₹76884/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പര്യാപ്തമായ നടപടികളില്ല

ലോക വിനോദ സഞ്ചാര ഭൂപടത്തിൽ പ്രത്യേക സ്ഥാനം അടയാളപ്പെടുത്തിയതാണ് മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന "കുറിഞ്ഞി ഉദ്യാനം". വിനോദസഞ്ചാര മേഖലയിൽ അനന്ത സാധ്യതകളാണ് വട്ടവട ഗ്രാമപഞ്ചായത്തിനുള്ളതെങ്കിലും പ്രസ്തുത സ്രോതസ് ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ പര്യാപ്തമായ ചുവടുവെയ്പുകളൊന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ നടത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03.04.2017-ലെ ജി.ഒ.(എം.എസ്) 80/2017 നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ വിനോദസഞ്ചാര വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്.

ഖണ്ഡിക 25 . പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം (Eco-Tourism)

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രകൃതി രമണീയമായ വിനോദസഞ്ചാര സാധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അതിനുള്ള സാധ്യതാ പഠനങ്ങൾക്കായും മറ്റും നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള ശ്രമങ്ങൾ അനുവദനീയമാണ്."

1.48 കോടി രൂപ ചെലവഴിച്ച് "മൾട്ടി അമിനിറ്റി ഹബ് " എന്ന പേരിൽ 2016-17,17-18 വർഷങ്ങളിലായി ഒരു കെട്ടിടം നിർമിച്ചതും 6.75 ലക്ഷം രൂപ ചെലവഴിച്ച് പാമ്പാടും ചോല നാഷണൽ പാർക്ക് ചെക്ക് പോസ്റ്റിന് സമീപം ഒരു കവാടം നിർമിച്ചതും 3.2 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഹ്രസ്വചിത്രം നിർമിച്ച് യു-ട്യൂബിൽ സംപ്രേഷണം ചെയ്തതുമാണ് ഈ മേഖലയിൽ പഞ്ചായത്ത് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ. മൾട്ടി അമിനിറ്റി ഹബിലൂടെ ആയുർവേദ സുഖചികിത്സാ സമ്പ്രദായത്തിന്റെ ഗുണങ്ങൾ സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളിലേക്ക് എത്തിക്കുവാനാണ് ലക്ഷ്യമിട്ടതെങ്കിലും കെട്ടിടനിർമാണം നടത്തുകയും മൾട്ടി അമിനിറ്റി ഹബ് ലീസിന് നൽകുന്നതിന് 29.09.2018-ലെ 7(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ഭാഗികമായി ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തിരിക്കുന്നു. എന്നാൽ പദ്ധതി ഫല പ്രാപ്തിയിൽ എത്തിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് നിർമിച്ച ഡോക്യുമെന്ററി യു-ട്യൂബിൽ ഇതുവരെ 14000 പേർ മാത്രമാണ് ദർശിച്ചിട്ടുള്ളത്. വിനോദസഞ്ചാരത്തിന് പ്രാമുഖ്യം നൽകുന്ന വെബ് സൈറ്റുകളിലും ചാനലുകളിലും അത് പ്രസിദ്ധീകരിക്കുന്നത് ഗ്രാമത്തിന്റെ ദൃശ്യഭംഗി, തനതു കൃഷി-ജീവിത സാഹചര്യങ്ങൾ എന്നിവ കൂടുതൽ ആളുകളിലേക്ക് എത്തിക്കാനും അവരെ ഇങ്ങോട്ട് ആകർഷിക്കാനും ഇട നൽകുന്നതാണ്.

പദ്ധതി മാർഗരേഖയിൽ പരാമർശിക്കുന്ന രീതിയിൽ ആരോഗ്യകരമായ വിനോദസഞ്ചാരം പോലുള്ള പദ്ധതികൾ സാധ്യമാക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തി സ്ഥായിയായ വരുമാനം കരസ്ഥമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-18 വട്ടവട മാതൃകാ ഗ്രാമം

വട്ടവട ഗ്രാമപഞ്ചായത്ത് തങ്ങളുടെ അഭിമാന പ്രോജക്ട് എന്ന നിലയിൽ ആസൂത്രണം ചെയ്ത പാർപ്പിട സമുച്ചയ

നിർമാണ പദ്ധതിയാണ് "വട്ടവട മാതൃകാ ഗ്രാമം". ഗ്രാമപഞ്ചായത്തിലെ സാമ്പത്തികവും സാമൂഹ്യവുമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പ്രസ്തുത പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. അതിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ക്രമ നം	ഫണ്ട് സ്രോതസ്	തുക(രൂപ) (കോടിയിൽ)	ഉദ്ദേശ്യം
1	എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട്	01	കമ്മ്യൂണിറ്റി ഹാൾ, പകൽ വീട്, അംഗൻവാടി,ലൈബ്രറി കെട്ടിടനിർമാണം
2	പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമാണ ഫണ്ട്	05	ഭവന സമുച്ചയ നിർമ്മാണം
3	അംബേദ്കർ സങ്കേത വികസന പദ്ധതി (എം.പി ഫണ്ട്)	01	ഭൂവികസനം, റോഡ് നിർമാണം
	അംബേദ്കർ സങ്കേത വികസന പദ്ധതി (എം.എൽ.എ ഫണ്ട്)	02	
4	ജലനിധി, സമ്പൂർണ ശുചിത്വ യജ്ഞം ഫണ്ട്	01	ജലവിതരണം,മാലിന്യസംസ്കരണം
5	ദേശീയ തൊഴിലുറപ്പു പദ്ധതി	01	ഭൂവികസനം, റോഡ് നിർമാണം
6	ദേശീയ തൊഴിലുറപ്പു പദ്ധതി	0.01	സാമൂഹ്യ വനവത്ക്കരണം
7	എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട്	0.05	സംരക്ഷണ വേലി,പ്രധാന കവാടം എന്നിവയുടെ നിർമാണം
8	എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട്	0.15	തെരുവു വിളക്കുകൾ സ്ഥാപിക്കൽ
	ആകെ	**11.21/-കോടി രൂപ**	

വട്ടവട-പഴത്തോട്ടം റോഡിനു സമീപം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ബ്ലോക്ക് നം.64-ൽപ്പെടുന്നതുമായ 1.75 ഏക്കർ സ്ഥലമാണ് നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇരുനിലകളുള്ള 27 ഭവന സമുച്ചയങ്ങളിലായി (ഓരോന്നിലും 400ചതുരശ്ര അടി വിസ്തീർണമുള്ള നാലു ഫ്ലാറ്റുകൾ വീതം) 108 വീടുകളും അനുബന്ധമായി കമ്മ്യൂണിറ്റി ഹാൾ, വായനശാല, പകൽവീട്, അംഗൻവാടി, ശുചിത്വ സമുച്ചയം, വ്യാപാരശാല, കുട്ടികൾക്കുള്ള കളിസ്ഥലം, റോഡുകൾ എന്നിവയും നിർമിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിശദമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന് സംസ്ഥാനതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ചതായി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടിന്റെ പരിശോധനയിൽ താഴെ വിവരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പദ്ധതിക്ക് സംസ്ഥാനതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രത്യേക പദ്ധതികൾക്ക് അനുമതിയും സാധൂകരണവും നൽകുവാൻ സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിന് അർഹതയുള്ള സമിതി വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയാണ്. ഇത്രയും ബൃഹത്തായ ഒരു നിർമ്മാണ പ്രോജക്ടായതിനാൽ കേരള വനം-പരിസ്ഥിതി വകുപ്പിനു കീഴിലുള്ള സംസ്ഥാനതല പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിയിൽനിന്ന് (State Level Environmental Impact Assessment Authority-SLEIAA) അതിന് ക്ലിയറൻസ് ആവശ്യമാണെങ്കിലും അത് നേടിയതായി രേഖയില്ല. കൂടാതെ മരാമത്ത് ഇനങ്ങൾ അടങ്ങിയതിനാൽ ചീഫ് എൻജിനിയറുടെ റാങ്കിൽ കുറയാത്ത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനിൽനിന്നുള്ള സാങ്കേതിക അനുമതിയും പ്രോജക്ടിന് അനിവാര്യമാണ്. അത് ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ നിർവഹണാനുമതി ലഭിച്ചതായുള്ള വാദഗതി അംഗീകരിക്കാനാവില്ല.

2. വൻതോതിൽ മണ്ണ് നീക്കം ചെയ്ത് പ്രതലമൊരുക്കി നിർമ്മാണം നടത്തേണ്ടതിനാൽ മണ്ണിന്റെ ഘടന പരിശോധിക്കേണ്ടത്, നിർമ്മിക്കപ്പെടുന്ന ഭവനസമുച്ചയത്തിന്റെ സുരക്ഷയ്ക്ക് അനിവാര്യമാണ്. അർഹതയുള്ള സ്ഥാപനത്തെ നിയോഗിച്ച് പ്രസ്തുത പരിശോധന നടത്തിയതായ രേഖകൾ സൂക്ഷിച്ചിട്ടില്ല. അശാസ്ത്രീയമായ കെട്ടിട നിർമ്മാണം മൂലം വൻതോതിൽ മണ്ണിടിച്ചിലും പരിസ്ഥിതി നാശവും കഴിഞ്ഞ പ്രളയകാലത്ത് സംഭവിച്ച കാര്യം പ്രാധാന്യത്തോടെ കാണേണ്ടതാണ്.

3. പ്രോജക്ട് റിപ്പോർട്ടിൽ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ പദ്ധതി പൂർത്തീകരണക്കാലയളവ് വ്യക്തമല്ല. നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റിന് ഒരു കോടി കൈമാറി ഒരു വർഷം കഴിഞ്ഞെങ്കിലും ഇപ്പോഴും പ്രാഥമിക പ്രവർത്തനമായ ലാന്റ് ഡെവലപ്മെന്റ് മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നതിനാൽ 2016-17-ൽ നിശ്ചയിച്ച അടങ്കലിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് കരുതുവാൻ സാധിക്കില്ല.

4. വിവിധ ഏജൻസികളുടെ ധനസഹായമാണ് പദ്ധതിയുടെ വിഭവസ്രോതസ്സായി പരിഗണിച്ചിട്ടുള്ളത്. എന്നാൽ അവ യഥാസമയം വിനിയോഗത്തിനു ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടില്ല. പട്ടികജാതി വകുപ്പിന്റെ വിഹിതമായ അഞ്ചു കോടി രൂപയിൽ 3.24കോടി രൂപ ജില്ലാ കളക്ടർ മുഖേന അനുവദിക്കപ്പെട്ടത് മാത്രമാണ് ഈയിനത്തിൽ ലഭ്യമായ ആശാവഹമായ പുരോഗതി. ദേശീയതൊഴിലുറപ്പു പദ്ധതി, ജലനിധി, സമ്പൂർണ ശുചിത്വ യജ്ഞം തുടങ്ങിയവയിൽ നിന്ന് 2.01 കോടി രൂപ പ്രതീക്ഷിക്കുന്നുവെങ്കിലും ഇത്രയും ഗണ്യമായ തുക ലഭിക്കുമെന്ന് ഉറപ്പില്ല. പട്ടികജാതി വികസന വകുപ്പിൽനിന്ന് ബാക്കി ലഭിക്കേണ്ടതുൾപ്പടെ പദ്ധതിക്കായി വകയിരുത്തിയ തുക എപ്പോൾ

ലഭിക്കുമെന്നതിനെക്കുറിച്ച് യാതൊരു ഉറപ്പും അധികൃതർക്കില്ലാത്തതിനാൽ തുടർപ്രവർത്തനങ്ങൾ സമീപഭാവിയിൽ തുടങ്ങാനാവുമെന്ന് കരുതാനാവില്ല. കരാർ കാലാവധി അനന്തമായി നീട്ടുവാൻ നിർവഹണ ഏജൻസി തയ്യാറാകില്ലെന്നതിനാൽ നഷ്ടപരിഹാരം നൽകേണ്ടി വരുന്ന സാഹചര്യവും കരുതലോടെ കാണേണ്ടതാണ്.

5. പട്ടികജാതി വികസന വകുപ്പു ഡയറക്ടർ അനുവദിച്ച 3.24 കോടി രൂപ ആദ്യം ദാരിദ്ര്യ ലഘൂകരണവിഭാഗം ഇടുക്കി പ്രോജക്ട് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ കളക്ടർ മുഖേന നിക്ഷേപിച്ചുവെങ്കിലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഓഡിറ്റ് ആക്ഷേപത്തെത്തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിലേക്ക് (Spl TSB A/C No.14/2) മാറ്റുകയാണുണ്ടായത്. അതിൽനിന്ന് 1 കോടി രൂപ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റിന് 19.09.2018-ലെ 0306381 നമ്പർ ചെക്ക് പ്രകാരം കൈമാറി. ഏജൻസിയുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൻമൂലം പദ്ധതി നിർവഹണത്തിലെ വ്യവസ്ഥകൾ, നിർമാണ കാലാവധി തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. തുക കൈമാറി ഒരു വർഷം കഴിഞ്ഞെങ്കിലും അടുത്ത നാളുകളിൽ സൈറ്റിലെ മണ്ണ് നീക്കം ചെയ്തത് മാത്രമാണ് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തി. കൃത്യമായ പ്രവർത്തനകലണ്ടറിനെ അടിസ്ഥാനപ്പെടുത്തി ഹാബിറ്റാറ്റിന് നിർദ്ദേശം നൽകി പ്രവർത്തനം ഏകോപിക്കാത്തതിനാൽ പലിശയിനത്തിൽ തന്നെ നിർവഹണ ഏജൻസിക്ക് വൻതുക ലഭിക്കാൻ സാഹചര്യമൊരുങ്ങി.

6. പട്ടികജാതി വകുപ്പ് 108 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിനാണ് 3.24 കോടി രൂപ അനുവദിച്ചത്.(108 x 300000). നിർദ്ദിഷ്ട ആവശ്യത്തിന് അനുവദിക്കപ്പെട്ട തുക വകമാറ്റി ലാന്റ് ഡെവലപ്മെന്റിന് വിനിയോഗിച്ച നടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുള്ള നിരുത്തരവാദപരവും ചട്ടവിരുദ്ധവുമായ നടപടിയാണെന്ന കണ്ടെത്തലിൽ പട്ടികജാതി വികസന വകുപ്പു ഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. (കത്ത് നം.ഡെവ.ബി2-6076/17(1) തീയതി.04.10.2019).

7. ചെങ്കുത്തായ ഒരു മലയുടെ വശങ്ങൾ പന്ത്രണ്ട് അടിയിലേറെ ആഴത്തിൽ ഇടിച്ചു നിരത്തി തട്ടുകളാക്കി വീടുകൾക്കുള്ള പ്രതലം ഒരുക്കുകയും അവയ്ക്കിടയിലൂടെ മുകളിലേക്ക് റോഡ് നിർമ്മിച്ചുമാണ് ഭവനസമുച്ചയത്തിന്റെ ഘടന നിർണയിച്ചിട്ടുള്ളത്. ലാന്റ് ഡെവലപ്മെന്റിനുള്ള തുക ദേശീയ തൊഴിലുറപ്പു പദ്ധതിയിലൂടെ (MGNREGS) കണ്ടെത്തുവാനാണ് നിശ്ചയിച്ചത്. എന്നാൽ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കു പകരം വൻതോതിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ആണ് പ്രസ്തുത പണികൾ നടപ്പാക്കിയത്. തന്മൂലം തൊഴിലുറപ്പ് പദ്ധതിയിലൂടെ സമാഹരിക്കേണ്ടിയിരുന്ന 1 കോടി രൂപയുടെ സേവനം തുടർന്ന് ലഭിക്കാനുള്ള സാധ്യതയും വിരളമാണ്.

8. 108 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയവും അനുബന്ധസൗകര്യങ്ങളുമാണ് ഒരുക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ബൃഹത്തായ പദ്ധതിയുടെ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷന്റെ അംഗീകാരം ആവശ്യമാണ്. എന്നാൽ അവരിൽ നിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കൂടാതെ മുകൾ നിലയിലേക്കുള്ള പ്രവേശന മാർഗത്തിനും താഴത്തെ നിലയിലെ അടുക്കളകളിൽനിന്നുള്ള പുകയുടെ ബഹിർഗമനത്തിനും പ്ലാനിലോ എസ്റ്റിമേറ്റിലോ വ്യവസ്ഥകളില്ല. വർക്ക് സൈറ്റായ മലയുടെ അടിവാരത്തുനിന്ന് മുകൾവരെയുള്ള സഞ്ചാരമാർഗം വളവുകളും തിരിവുകളുമുള്ള ഒരു റോഡാണ്. ഫ്ലാറ്റ് സമുച്ചയത്തിന്റെ താഴത്തെ

നിലയിലേക്കുള്ള പ്രവേശനം താഴത്തെ റോഡിൽനിന്നും മുകളിലത്തെ നിലയിലേക്കുള്ളത് മുകൾവശത്തെ റോഡിൽനിന്നുമാണ് എന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത് പല വീടുകൾക്കും പ്രായോഗികമല്ലെന്ന് നിർവഹണ ഏജൻസി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് ഭാവിയിൽ സങ്കീർണമായ പല വ്യവഹാരങ്ങൾക്കും ഹേതുവാകാവുന്നതാണ്.

9. പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങളിൽ റിപ്പോർട്ട് മൗനം പാലിക്കുന്നു. പട്ടികജാതി വിഭാഗക്കാരാണ് ഗുണഭോക്താക്കളെങ്കിലും പ്രൊജക്ടിന് പട്ടികജാതി വകുപ്പിൽനിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പട്ടികയും അവരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങളും റിപ്പോർട്ടിൽ പരാമർശിക്കേണ്ടത് (ആശ്രയ പദ്ധതി കർമപരിപാടി മാതൃകയിൽ) സുതാര്യത ഉറപ്പാക്കുന്നതിന് അനിവാര്യമായിരിക്കെ അവയുടെ ഒഴിവാക്കൽ വിവാദങ്ങൾക്കിടയാക്കുവാൻ സാധ്യതയുണ്ട്. 113 പേരടങ്ങുന്ന ഒരു ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതായി കാണുന്നുവെങ്കിലും (14.2.2017-ലെ III(2) നമ്പർ തീരുമാനം) ഗുണഭോക്താക്കളുടെ പേരൊഴികെയുള്ള വിശദവിവരങ്ങൾ (മേൽവിലാസം, വാർഡ് നം. തുടങ്ങിയവ)പട്ടികയിലില്ല. ഇത് ഗുണഭോക്തൃലിസ്റ്റിന്റെ ആധികാരികതയ്ക്ക് ഭംഗം വരുത്തുന്നു.

10. പദ്ധതിയുടെ ഗുണഭോക്താക്കളെ വ്യക്തമായി നിശ്ചയിക്കാതെയും അവരുടെ സമ്മതമോ കരാറോ ഇല്ലാതെ കെട്ടിടനിർമാണം നടത്തുന്നതും പദ്ധതിയുടെ ലക്ഷ്യ സാക്ഷാത്ക്കാരത്തെ ദോഷകരമായി ബാധിച്ചേക്കാം. പഴത്തോട്ടം മേഖലയിൽനിന്ന് വിദൂര ഗ്രാമങ്ങളായ കൊട്ടക്കാമ്പൂർ കടവരി, ക്ലാവര എന്നിവിടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ തങ്ങളുടെ കൃഷിഭൂമിയും മറ്റും ഉപേക്ഷിച്ച് മാതൃകാ ഗ്രാമത്തിൽ താമസത്തിനെത്തുമെന്ന് ഉറപ്പാക്കാനാവില്ല. ഗുണഭോക്താക്കളുടെ സുതാര്യമായ തെരഞ്ഞെടുപ്പു നടത്താതെയും അവരുടെ സമ്മതപത്രം വാങ്ങാതെയും പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത് ഗൗരവമേറിയ വീഴ്ചയാണ്.

11. വസ്തുവിന്റെ ഉടമസ്ഥാവകാശം നിക്ഷിപ്തമാകുന്നത് സംബന്ധിച്ച വ്യവസ്ഥകളൊന്നും റിപ്പോർട്ടിലില്ല. ഭാവിയിൽ സർക്കാരിന്റെ വിവിധ സേവന പാക്കേജുകളുടെ ഗുണഭോക്താക്കളാകുന്നതിന് വീടിന്റെ ഉടമസ്ഥാവകാശം അനിവാര്യമാണെന്നതിനാൽ അതിൽക്കുറഞ്ഞ ഡിമാന്റുകളൊന്നും ഗുണഭോക്താക്കൾ അംഗീകരിക്കുമെന്ന് കരുതാനാകില്ല. അപ്രകാരം തീരുമാനമാകുന്ന പക്ഷം കോടികൾ വിലമതിക്കുന്ന പഞ്ചായത്ത് ഭൂമി അന്യാധീനപ്പെടുന്നതാണ്. ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമി കണ്ടെത്താൻ സർക്കാർ ധനസഹായത്തിന്റെ സാധ്യത തേടാതെ സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമി നഷ്ടപ്പെടുവാനുള്ള സാഹചര്യം ഒരുക്കിയ നടപടി ദൗർഭാഗ്യകരമാണ്.

നിർമാണത്തിനാവശ്യമായ ഫണ്ടുകൾ യഥാർത്ഥത്തിൽ ലഭ്യമാകുമോയെന്നും പദ്ധതി എന്നു പൂർത്തീകരിക്കാനാവുമെന്നും പൂർത്തീകരിച്ചാൽ തന്നെ പുനരധിവാസപ്രക്രിയ പൂർണമായി നടപ്പാക്കാനാവുമോയെന്നും ഉറപ്പു വരുത്താതെ വൻകിട പദ്ധതി ഏറ്റെടുത്തത് പൊതുമുതലിന്റെ ദുർവ്യയത്തിലേക്കും ഗ്രാമപഞ്ചായത്തിനെ വൻസാമ്പത്തിക പ്രതിസന്ധിയിലേക്കും കോടതി വ്യവഹാരങ്ങളിലേക്കും തള്ളിവിടാനും ഇടയാക്കുമെന്ന് കരുതേണ്ടിയിരിക്കുന്നു. പരാമർശിത അപാകതകൾക്ക് പരിഹാരം കാണേണ്ടതും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-19 വിവിധ കുടിവെള്ളപദ്ധതികൾക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ -നടപ്പാക്കാത്ത പ്രവൃത്തിക്ക് തുക നൽകി

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ രണ്ടു കുടിവെള്ള പ്രോജക്ടുകളിലെ പ്രധാന ഇനം വിവിധ അളവുകളിലുള്ള ജി.ഐ. പൈപ്പുകൾ സ്ഥാപിക്കുക എന്നതായിരുന്നു. പൈപ്പ് ശൃംഖല സ്ഥാപിച്ചതിന് ടെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചത്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശങ്ങൾ നേരിൽ പരിശോധിച്ചതിൽ, ടെഞ്ചിംഗ് നടത്താതെ വിവിധ അളവുകളിലുള്ള പൈപ്പുകൾ മണ്ണിന് മുകളിലൂടെയാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു.

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടെഞ്ചിംഗ് പ്രവൃത്തി നടത്തിയിട്ടില്ലാത്തതിനാൽ അതിനുള്ള നിരക്ക് കുറവു ചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി 1,67,115/-രൂപയുടെ (97684 + 69431) അധികച്ചെലവുണ്ടായിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽനിന്ന് പലിശ സഹിതം ഈടാക്കാത്തപക്ഷം അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ച അസി.എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-20 തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനായി ജനറൽ,എസ്.സി.പി, ടി.എസ്.പി എന്നീ വിഭാഗങ്ങളിലായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 3 പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. ഓരോ പദ്ധതിയേയും സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതി	ബിൽ നം തീയതി, തുക	ഇൻവോയ്സ് പ്രകാരം വാങ്ങിയ എണ്ണം.
തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. (ജനറൽ 34/19) അടങ്കൽ-₹100000/-	39/11.10.18 ₹96500	50
പട്ടികജാതി കോളനികളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ (എസ്.സി.പി.38/19) ₹50000/-	40/11.10.18 ₹48250/-	25
പട്ടികവർഗ്ഗ കോളനികളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ (റ്റി.എസ്.പി.39/19) ₹128000/-	40/11.10.18 ₹123520/-	64

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1 .സ്പെസിഫിക്കേഷൻ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

പ്രോജക്ടിലോ ടെണ്ടർ നോട്ടീസിലോ ഫയലിലോ ഒരിടത്തും തന്നെ ആവശ്യമായ തെരുവുവിളക്കിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2.ടെണ്ടറിൽ പിന്നീട് വിവരങ്ങൾ ചേർത്തിരിക്കുന്നു.

കേരള ആഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് തൊടുപുഴ സമർപ്പിച്ച ടെണ്ടറിൽ നിരക്ക് ₹1750/- എന്നതും ഇൻസ്റ്റലേഷൻ ചാർജ്ജ് എക്സ്ട്രാ എന്നും കുത്തമഷികൊണ്ട് വ്യത്യസ്തമായ കയ്യക്ഷരത്തിൽ എഴുതി ചേർത്തിരിക്കുന്നു. മാത്രമല്ല ടെണ്ടർ രജിസ്റ്റർ പ്രകാരം ടെണ്ടർ തുറന്ന സമയത്ത് ആരും തന്നെ പങ്കെടുത്തതായി രേഖയില്ല.ആയതിനാൽ അധിക വിവരങ്ങൾ പിന്നീട് എഴുതി ചേർത്തതാകാനുള്ള സാധ്യത തള്ളികളയാനാകില്ല.

3. ഇൻസ്റ്റലേഷൻ ചാർജ്ജ് നിരക്ക് രേഖപ്പെടുത്താതെ തന്നെ നിരക്ക് നിശ്ചയിച്ചിരിക്കുന്നു.

ഇൻസ്റ്റലേഷൻ ചാർജ്ജ് തുക ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല എന്നാൽ പഞ്ചായത്ത് കമ്മറ്റി 24.07.2018 ലെ 1 (2) തീരുമാന പ്രകാരം ഇൻസ്റ്റലേഷൻ ചാർജ്ജ് ₹180/- ഉൾപ്പെടെ ₹1930/- എന്ന നിരക്ക് അംഗീകരിച്ചിരിക്കുന്നു.ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം രേഖപ്പെടുത്താത്ത നിരക്ക് പഞ്ചായത്ത് കമ്മറ്റി കണക്കാക്കി അംഗീകരിച്ചതെങ്ങനെയെന്നും അനുവദിച്ചതെങ്ങനെയെന്നും വ്യക്തമല്ല. തൊട്ടുതാഴെ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ₹1950/- ആണ് ക്വോട്ട് ചെയ്തിരുന്നത് എന്നതിനാൽ അതിന് താഴെ ആകെ തുക നിൽക്കുന്ന രീതിയിൽ ഇൻസ്റ്റലേഷൻ ചാർജ്ജ് എക്സ്ട്രാ എന്ന് പിന്നീട് ഉൾപ്പെടുത്തിയതായും യാതൊരു രേഖയുടെയും പിൻബലമില്ലാതെ ₹180/- കണക്കാക്കി നൽകിയതായും കാണുന്നു. ഇത് നിർവ്വഹണ സ്ഥാപനത്തെ സഹായിക്കുന്ന നടപടിയാണ്.

4.മോണിട്ടറിംഗ് നടത്തിയിട്ടില്ല.

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് യാതൊരു രേഖയും ഫയലിൽ ഇല്ല.

5.സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം 8/24.10.2019 ന് ലഭ്യമാക്കിയ മറുപടി പരിഗണിക്കാവുന്നതല്ല . ആയതിനാൽ 3 പദ്ധതികളിലായി ചെലവഴിച്ച ₹268270/- തടസ്സപ്പെടുത്തുന്നു.

1-21 ഓണം അഡ്വാൻസ് ക്രമീകരിക്കാത്തത്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഹെഡ് ക്ലർക്ക് ശ്രീ ശങ്കർ ഐ.യ്യ് 2017-18- വൗച്ചർ നം.21700168/25.8.2017 പ്രകാരം നൽകിയ ഓണം അഡ്വാൻസ് 15000/- യിൽ 6000/- മാത്രമേ തിരിച്ചടച്ചിട്ടുള്ളു എന്നും ബാലൻസ് തുക ₹9000/- നീക്കിയിരിപ്പുള്ളതായും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക 2018-19-ലെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പായി അവശേഷിക്കുന്ന ₹9000/- വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-22 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (എഫ്.എച്ച്.സി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് ഭവന പദ്ധതി – അവലോകനം

2018-19 വർഷം നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം.	പ്ലാൻ ഫണ്ട്	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	ജില്ലാപഞ്ചായത്ത് വിഹിതം	വായ്പ
ലൈഫ് മിഷൻ (ജനറൽ) 26/19 ലഭിച്ചത്	2659200	1060800	709024	3803665 (വായ്പയെടുത്തത് 2583665/- 2.1.19, 1220000/- 7.2.19)
ചെലവ്	2659200 (99200- 15/18-19 /31.12.18 -1	1060800 Ch.No.9143763/18.1.19	0	3660000 (1220000 -

	2560000 – 9/18-19/17.10.18 - 16)	- 8 2080000/- Ch.No.0306391/1.11.18		Ch.No.858817/21.2.19 – 10 2440000/4.1.19 - 19
നീക്കിയിരിപ്പ്	0	0	709024	143665
ലൈഫ് മിഷൻ (എസ്.സി.പി) 25/19 ലഭിച്ചത്	460000	1240000	0	0
ചെലവ്	460000 (300000- 13/18-19 /31.12.18 -6 160000– 10/18-19 /17.10.18 - 1)	1240000 - 31 Ch. No.9143766/18.1.19	0	0
നീക്കിയിരിപ്പ്	0	1240000	0	0
ലൈഫ് മിഷൻ (ടി.എസ്.പി) 27/19 ലഭിച്ചത്	703000	377000	0	0

ചെലവ്	703000 (343000- 14/18-19 /31.12.18 - 4 360000 – 11/18-19 /12.12.18 - 4)	377000 - 5 Ch.No.9143765/18.1.19	0	0
നീക്കിയിരിപ്പ്	0	377000	0	0
ലൈഫ് മിഷൻ രണ്ടാം ഘട്ടം (ജനറൽ) 99/19 ലഭിച്ചത്	2114521 + 97709 (റോഡിതരം)			
ചെലവ്	2114521 + 97709 (റോഡിതരം) (97709 – 4/18-19/ 23.5.18 - 3 2114521 – 1/18-19/ 10.5.18 - 53)			
നീക്കിയിരിപ്പ്	0			0

ലൈഫ് മിഷൻ രണ്ടാം ഘട്ടം (എസ്.സി.പി) 100/19 ലഭിച്ചത്	114673			
ചെലവ്	80000 (80000- 2/18-19/ 10.5.18 -2)			
നീക്കിയിരിപ്പ്	34673			

2018-19 വരെയുള്ള വിവരങ്ങൾ

ക്രമ നം.	പദ്ധതി വിവരങ്ങൾ	ജനറൽ	എസ്.സി.പി	ടി.എസ്.പി
1	ആകെ അർഹരായ ഗുണഭോക്താക്കൾ	447	50	60
2	ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ചത്	56	38	12
3	ആദ്യഘട്ടം തുക നൽകിയവർ	56	38	12
4	ഭവന നിർമ്മാണം പൂർത്തീകരിച്ചവർ	12	0	0
5	പദ്ധതി ഉപേക്ഷിച്ചവർ	0	0	0
6	രണ്ടാം ഘട്ടം തുക നൽകിയത് (എണ്ണം)	36	2	0

ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങലളുടെ പൂർത്തീകരണം (ഇ.എം.എസ്) (ടി.എസ്.പി) 98/19 ലഭിച്ചത്	700000	0	0	0
ചെലവ്	700000	0	0	0

	(100000 – 16/18-19/14.2.19 -1 200000 – 3/18-19/10.5.18 – 2 400000 – 8/18-19/23.5.18 - 4)			
നീക്കിയിരിപ്പ്	0	0	0	0

ക്രമ നം.	പദ്ധതി വിവരങ്ങൾ	ഇ.എം.എസ്.
	ആകെ അർഹരായ ഗുണഭോക്താക്കൾ	16
	ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ചത്	16
	ആദ്യഘട്ടം തുക നൽകിയവർ	16
	ഭവന നിർമ്മാണം പൂർത്തീകരിച്ചവർ	13
	പദ്ധതി ഉപേക്ഷിച്ചവർ	0
	വികസന ഫണ്ട്	700000

പദ്ധതിയുടെ രേഖകളുടെ സൂക്ഷിപ്പിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭവനനിർമ്മാണത്തിന്റെ ഓരോ സ്റ്റേജ് പൂർത്തിയാകുമ്പോഴും ഗുണഭോക്താവ് അടുത്ത ഗഡുവിനായി സമർപ്പിക്കുന്ന അപേക്ഷയിൽ ഏത് സ്റ്റേജാണ് പൂർത്തിയായതെന്ന് രേഖപ്പെടുത്തുന്നില്ല. വി.ഇ.ഒ.യുടെ റിപ്പോർട്ടിലും ആയത് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ എത്ര ഗഡു നൽകിയെന്നോ തുകയുടെ വിവരമോ അറിയാൻ കഴിയുന്നില്ല.
2. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.
3. തുക നൽകിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റ് വർഷത്തെ നിർവഹണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 19.12.2018 ൽ ലേബർ ഗ്രാമസഭ യോഗം കൂടി.
- 2115പേർക്കാണ് തൻവർഷം വരെ തൊഴിൽ കാർഡ് നൽകിയത്.
- ഇവരിൽ 1723 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു.
- 188520 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 271/- രൂപ നിരക്കിൽ ₹51088920/- രൂപ അടങ്കലുള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.
- സാങ്കേതികാനുമതി ലഭിച്ച 280 പ്രോജക്ടുകളിൽ 219 എണ്ണം തൻവർഷം നടപ്പാക്കി.
- ഇവയിലൂടെ 156788 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.

- 825 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങളും 725 കുടുംബങ്ങൾക്ക് അമ്പതിൽ കൂടുതലും അമ്പതിൽ താഴെ 200 കുടുംബങ്ങൾക്കും തൊഴിൽ ദിനങ്ങൾ തൻവർഷം പ്രദാനം ചെയ്യാൻ കഴിഞ്ഞു.
- തൻവർഷം നടപ്പാക്കിയപ്രോജക്ടുകൾ – റോഡുനിർമാണം, മഴവെള്ളസംഭരണി, പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം, LIFE/PMAY ഭവനനിർമാണം, മണ്ണ് സംരക്ഷണം, പൊതുസ്ഥല വികസനം തുടങ്ങിയവ.

1-25 ആശ്രയ പദ്ധതി - തുക ചെലവഴിക്കാത്തത്

2018-19-ൽ ആശ്രയ പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരം 2,00,000/- വി.ഇ.ഒ. പിൻവലിച്ച് പദ്ധതി നടത്തിപ്പിനായി കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചിട്ടില്ല. ആശ്രയ പദ്ധതി പോലുള്ള അനിവാര്യ പദ്ധതികളിൽ യഥാസമയം തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി	ബിൽ നം.	തുക
ആശ്രയ പദ്ധതി (33/19)	12/18-19/26.3.19	50000/-
ആശ്രയ പദ്ധതി (103/19)	7/18-19/23.5.18	150000/-

1-26 ഗവ.എൽ.പി സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ

നിർവ്വഹണം	സെക്രട്ടറി
പ്രോജക്ട് നം	41/19
അടങ്കൽ	70000/-
ബിൽ നം.	76/25.03.19 ₹ 69000/-

പ്രസ്തുത വാങ്ങൽ നടപടിയിൽ സ്പെസിഫിക്കേഷൻ കാണിച്ചുള്ള ടെണ്ടർ ക്ഷണിച്ചിട്ടില്ല.കൂടാതെ ടെണ്ടർ പ്രകാരം വാങ്ങിയ രണ്ട് Conway-D50 watt മോഡൽ വാട്ടർ ഹീറ്ററുകളിൽ ഒരെണ്ണം മാത്രമാണ് വിതരണം ചെയ്തത്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/25.10.2019 ന് മറുപടി ലഭ്യമാക്കിയില്ല. ഒരെണ്ണം, പഴത്തോട്ടം ഗവ എൽ.പി സ്കൂളിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ വിതരണം ചെയ്യാതെ പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു എന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ വാട്ടർ പ്യൂരിഫയർ വാങ്ങിയതിനാൽ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വാട്ടർ പ്യൂരിഫയറിന്റെ വിലയായ ₹34500/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി തൻ വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

പദ്ധതിയുടെ പേര് നം	ബിൽ നം, തീയതി , തുക	ഹാജരാക്കാത്ത രേഖകൾ

എസ്.എസ് എ വിഹിതം-ജനറൽ(1/19)	4/15.5.18 ₹ 100000	1.എസ് എസ് എ ജില്ലാ പ്രോജക്ട് ഓഫീസറുടെ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭ്യമാക്കിയില്ല. 2.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല
എസ്.എസ് എ വിഹിതം-എസ്.സി പി (7/19)	5/15.5.18 ₹ 150000	
എസ്.എസ് എ വിഹിതം-ടി എസ് പി.(8/19)	1/196/15.5.18 ₹ 150000	
പി എം എ വൈ വിഹിതം-ജനറൽ(4/19)	8/15.05.2018 ₹50000/-	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല
പി എം എ വൈ വിഹിതം-എസ്.സി പി (5/19)	9/15.05.2018 ₹20000/-	
പി എം എ വൈ വിഹിതം-ടി എസ് പി.(6/19)	9/15.05.2018 ₹100000/	

മേൽ രേഖകളുടെ അഭാവത്തിൽ ₹ 570000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം 2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വിവിധ കുടിവെള്ളപദ്ധതികൾക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ-നടപ്പാക്കാത്ത പ്രവൃത്തിക്ക് തുക നൽകി

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ രണ്ടു കുടിവെള്ളപ്രോജക്ടുകളിലെ പ്രധാന ഇനം വിവിധ അളവുകളിലുള്ള ജി.ഐ. പൈപ്പുകൾ സ്ഥാപിക്കുക എന്നതായിരുന്നു. പൈപ്പ് ശൃംഖല സ്ഥാപിച്ചതിന് ടെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചത്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശങ്ങൾ നേരിൽ പരിശോധിച്ചതിൽ, ടെഞ്ചിംഗ് നടത്താതെ വിവിധ അളവുകളിലുള്ള പൈപ്പുകൾ മണ്ണിന് മുകളിലൂടെയാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു.

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടെഞ്ചിംഗ് പ്രവൃത്തി നടത്തിയിട്ടില്ലാത്തതിനാൽ അതിനുള്ള നിരക്ക് കുറവു ചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി 1,67,115/-രൂപയുടെ (97684 + 69431) അധികച്ചെലവുണ്ടായിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽനിന്ന് പലിശ സഹിതം ഈടാക്കാത്തപക്ഷം അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ച അസി.എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിരിക്കുന്നു.
ടെഞ്ചിംഗ് നടത്തുന്നതിന് വട്ടവട എൽ.എസ്.ജി.ഡി സെക്ഷൻ അസി.എൻജിനിയർ തയ്യാറാക്കി അംഗീകരിച്ച ഡേറ്റ ചുവടെ ചേർക്കുന്നു.

ഇനം	നിരക്ക്
0.66 വെൽഡർ @368/ദിനം	242.88
0.66കൂലി @368/ദിനം	242.88
ആകെ	485.76
(+) 1% വാട്ടർ ചാർജ്	4.86
(+) 15% CPOH	73.59
(+) 55.88% cost index	315.28
ഒട്ടാകെ (10 മീറ്ററിന്)	879.49
1 മീറ്ററിന് ബാധകമായ നിരക്ക്	87.95/-രൂപ

പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം, പേര്	എസ്046/19 വട്ടവട കുടിവെള്ളപദ്ധതി	എസ്047/19 ഒറ്റമരം കണ്ണശ്ശ ഓട കുടിവെള്ളപദ്ധതി
പി.എ.സി	433384/- (ധനകാര്യകമ്മീഷൻഗ്രാന്റ്)	435477/- (ധനകാര്യകമ്മീഷൻഗ്രാന്റ്)

ടെൻഡർ കുറവ്	11.5% കുറവ്	11.1% കുറവ്
കരാറുകാരൻ	ശ്രീ. ഐ.വൈ.എൽദോസ്	ശ്രീ. എം.ബി. സെയ്നുദീൻ
കരാർ നം/തീ.	28/AE/LSGD/ VTD/18-19തീ.3.10.18	27/AE/LSGD/ VTD/18-19തീ.3.10.18
അളവു പുസ്തകം	344/18-19	35/18-19
ടെഞ്ചിംഗ് നടത്തി സ്ഥാപിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പൈപ്പുകളുടെ അളവുകൾ 25 mm :- 617M 32mm :- 550M 40mm :- 100M 20mm :- 48M ആകെ :- 1315M	1315 മീറ്റർ	975 മീറ്റർ
(-)ടെഞ്ചിംഗ് നടത്താൻ കഴിയാഞ്ഞതിനാൽ കുറവു ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പൈപ്പുകളുടെ അളവ്	60മീറ്റർ	87മീറ്റർ
ടെഞ്ചിംഗ് നടത്തി സ്ഥാപിച്ചതായി രേഖപ്പെടുത്തിയ പൈപ്പുകളുടെ അറ്റ അളവ്	1255 മീറ്റർ (1315-60)	888മീറ്റർ (975-87)

ടെഞ്ചിംഗ് നടത്തി തിരികെ മണ്ണ് നിറയ്ക്കുന്നതിന് അംഗീകരിച്ച നിരക്ക്	1 മീറ്ററിന് 87.95/- രൂപ	1 മീറ്ററിന് 87.95/- രൂപ
ടെഞ്ചിംഗ് നടത്തിയതിന് കണക്കാക്കിയ തുക	1255 x 87.95 = 110377	888 x 87.95 = 78100
(-) ടെൻഡർ കുറവിന് ആനുപാതികമായ തുക	12693/- (110377 x 11.5%)	8669/-(78100 x 11.1%)
അധികമായി നൽകിയ തുക	97684/-	69431/-
ബിൽനം/തീയതി.	24/18-19 തീ.11.3.2019	15/18-19 തീ.28.12.2018

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടെഞ്ചിംഗ് പ്രവൃത്തി നടത്താത്തതിനാൽ അതിനുള്ള നിരക്ക് കുറവു ചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി 1,67,115/-രൂപയുടെ (97684 + 69431) അധികച്ചെലവുണ്ടായിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽനിന്ന് പലിശ സഹിതം ഈടാക്കാത്തപക്ഷം അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ച അസി.എൻജിനിയറിൽനിന്ന് പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

ഭാഗം -4
പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-19	10& 11-06-19	കെ.എസ്.എ-ഐഡി.കെ-3/520(49)/2019 തീ: 13.08.2019

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രൊജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ് ₹
ബ്ലോക്ക് പഞ്ചായത്ത് അടിമാലി	2018-19	400000	ലൈഫ് മിഷൻ റ്റി.എസ്.പി	5197800	3361224
		4250000	ലൈഫ് മിഷൻ എസ്.സി.പി		
		3909024	ലൈഫ് മിഷൻ പൊതു വിഭാഗം		
		100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്		100000

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തി നടത്തിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗ്രണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ൽകിയിട്ടില്ല.

4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹38,03,665/-വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. ഹഡ്കോ വായ്പാ ഇനത്തിൽ ₹38,03,665/- വരവ് ഉള്ളതായി പാസ്സ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ വാർഷിക ധനവിവര പത്രികയിൽ പ്രസ്തുത വരവ് ₹36,60,000/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
ലൈഫ് പദ്ധതി	ലഭ്യമല്ല	₹3803665	-	-	-	₹3803665

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1996-97	2-19, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-37, 3-38, 3-39, 3-40	2000-01	4-39	വ്യാപകമായ തോതിൽ പണാപഹരണം	ലഭ്യമല്ല
1997-98	3-26	2000-01	4-40	വ്യാജരേഖ ചമച്ച് പണാപഹരണം	ലഭ്യമല്ല
1997-98	3-31	2000-01	4-40 ബി	കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട്	ലഭ്യമല്ല
1998-99	20ബി	2002-03	VII 6-12	ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം	ലഭ്യമല്ല
2000-01	20ബി, 26,27	2003-04	VII 6-12	പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം	ലഭ്യമല്ല
2001-02	2-15	2005-06	31-1	റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു	ലഭ്യമല്ല
2014-15	2-3	2016-17	അനുബന്ധം-3	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-2	2016-17	അനുബന്ധം-4	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽനികുതി അപാകതകൾ	ലഭ്യമല്ല
-	-	2017-18	അധ്യായം-6	ഭൂമി ശാസ്ത്രപരമായും പാരിസ്ഥിതികമായുമുള്ള വിഭിന്ന സാഹചര്യങ്ങളാൽ സാമ്പത്തിക	ലഭ്യമല്ല

				പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തിയതിന്റെ ഫലങ്ങൾ	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹91340683
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹69354305
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹167115
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹949654

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		167115	ശ്രീ റ്റി.വി ഏലിയാസ്, അസി .എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
1-16	76884	ശ്രീ ആർ നന്ദകുമാർ സെക്രട്ടറി

1-20	268270	ശ്രീ ആർ നന്ദകുമാർ സെക്രട്ടറി
1-26	34500	ശ്രീ ആർ നന്ദകുമാർ സെക്രട്ടറി
1-27	570000	ശ്രീ ആർ നന്ദകുമാർ സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹
ഇല്ല	

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ	ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി	സെക്രട്ടറി , വട്ടവട ഗ്രാമപഞ്ചായത്ത്	TC20/672/2 ശ്രീരംഗം പെരപ്പൂർ, മിക്കുലാക്കൽ പി ഒ തിരുവനന്തപുരം
ശ്രീ റ്റി.വി.ഏലിയാസ് , അസി .എഞ്ചിനീയർ	അസി .എഞ്ചിനീയർ, വട്ടവട ഗ്രാമപഞ്ചായത്ത്	തെക്കേടത്ത് വീട് പടമുഖം പി ഒ ഇടുക്കി

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1964-1965 1977-1978	എൽ.എഫ്.ഐ5/297/ 82/08.07.82		
1978-1979	എൽ.എഫ്.ഐ-5/429/81/ 08.08.82		

1979-1980			
1980-1981	എൽ.എഫ്.ഐ-5/645/82/ 20.09.82		
1981-1982	എൽ.എഫ്.ഐ-6/937/84/ 03.01.85		
1982-1983 1983-1984	എൽ.എഫ്.ഐ7/316/ 86/12.01.86		
1984-1985	എൽ.എഫ്.ഐ-7/1069/ 88/28.01.89		
1985-1986	എൽ.എഫ്.ഐ-7/1070/ 88/28.01.89		
1986-1987	എൽ.എഫ്.ഐ-7/229/ 90/11.04.90		
1987-1988	എൽ.എഫ്.ഐ-7/359/ 91/11.07.91		
1988-1989 1991-1992	എൽ.എഫ്.ഐ-6/616/ 93/24.03.91		
1992-1993	എൽ.എഫ്.ഐ-7/364/ 95/07.09.95		
1996-1997	എൽ.എഫ്.ഐ-9/683/ 2000/02.01.2001	15	19, 20, 24, 25, 28, 29, 30, 33, 34, 36-40, 42

1997-1998	എൽ.എഫ്.ഐ-9/684/ 2000/02.01.2001	9	12, 13, 21, 26-31
1998-1999	എൽ.എഫ്.ഐ-9/264/ 2002/10.06.2002	12	13, 14, 20എ, ബി, 24, 25, 27, 28, 33, 38, 41, 42
1999-2000	എൽ.എഫ്.ഐ-9/403/ 2002/24.08.2002	8	13, 14, 22-27
2000-2001	എൽ.എഫ്.ഐ-9/199/ 2003/10.03.2003	12	13, 14, 23-32
2001-2002	എൽ.എഫ്.ഐ-9/342/ 2005/05.11.2005	7	29-9, 2-10, 2-12, 2-14, 2-16 to 2-18
2002-2003	എൽ.എഫ്.ഐ-9/343/ 2005/05.11.2005	6	2-6, 2-9, 2-10, 2-11, 2-12, 3-1
2003-2004	എൽ.എഫ്.ഐ-9/75/ 2007/07.03.2007	6	2-2, 2-3 - 2-7
2004-2005	എൽ.എഫ്.ഐ-9/206/ 2007/07.03.2007	8	2-1, 2-2, 2-3, 3-1 to 3-5
2005-2006	എൽ.എഫ്.ഐ-9/946/ 2007/27.05.2008	5	2-1, 2-2, 2-4, 2-6, 3-7

2006-2007	എൽ.എഫ്.ഐ-9/213/ 2009/08.09.2009	6	2-1, 2-2, 2-3, 2-5, 3-1, 3-2
2007-2008	എൽ.എഫ്.ഐ-14/78/ 12/25.03.12	9	2-2, 3-1 മുതൽ 3-8 വരെ
2008-2009	എൽ.എഫ്.ഐ-14/1001/ 14/24.01.15	11	2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ
2009-2010	എൽ.എഫ്.ഐ-14/1233/ 2011/27.12.12	15	2-1, 2-3, 3-1, 3-3 മുതൽ 3-13
2010-2011	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4, 3-1 മുതൽ 3-16 വരെ 2-18
2011-2012	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4, 3-1 മുതൽ 3-16, 2-18
2012-2013	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2013-2014	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2014-2015	എൽ.എഫ്.ഐ-14/157/ 17/13.02.17	6	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ

2015-2016	കെ.എസ്.എ.ഐ.ഡി.കെ-6/508/17 /19.04.17	7	2-1,2-3 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-4 വരെ
2016-2017	കെ.എസ്.എ.ഐ.ഡി.കെ-6/289/18 /12.03.18	14	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-10 വരെ 3-12
2017-18	കെ.എസ്.എ-ഐ.ഡി.കെ-06/686/19 തീ:09.07.2019	23	1-12, 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-13 വരെ, 4-7 & 4-10

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-6/1008/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ, തീയതി:16.12.2019
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

AUDIT CERTIFICATE

No.KSA-IDK-6/1008/2019

Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
E-mail : doidk.ksad@kerala.gov.in
Date: 16.12.2019

Certified that I have audited the Annual Financial Statement of **VATTAVADA** Grama Panchayat in Idukki District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **VATTAVADA** Grama Panchayat for the **2018-19,** except the observations in my Audit Report Properly presence in the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI.

L.